


DISCOVER
ITS BEAUTY

ഭാഗം 2

# ആദമിന്റെയും ഹവ്വയുടെയും മതം

ഡോ. നാജി ഇബ്രാഹീം



# ഒരേയൊരു സന്ദേശം!

മാനവരാശിയുടെ തുടക്കം മുതൽ ചരിത്രത്തിലുടനീളം, മനുഷ്യകുലത്തിനായി മൗലികമായൊരു സന്ദേശവുമായി, നിരന്തരം അവതരിച്ചത് ഒരേയൊരു സത്യ മതമാണ്. സ്രഷ്ടാവിൽ വിശ്വസിക്കുക, അവനെ മാത്രം ആരാധിക്കുക, ദൈവസ്മരണ നിലനിർത്തുക എന്നീ കാര്യങ്ങൾ ജനങ്ങളോട് കൽപ്പിക്കാനും ഓർമിപ്പിക്കാനുമായി കാലാന്തരങ്ങളിൽ ആദം, നൂഹ്, ഇബ്രാഹിം, മൂസ, ഈസ, മുഹമ്മദ് ഉൾപ്പെടെയുള്ള ദൂതന്മാരെ ഏകസത്യ ദൈവമായ, സ്രഷ്ടാവായ അല്ലാഹു നിയോഗിച്ചു. ദൈവികമായ ഒരേയൊരു മതത്തെ അനുധാവനം ചെയ്യലും ഒരേയൊരു സന്ദേശം പ്രചരിപ്പിക്കലുമായിരുന്നു അവരുടെ നിയോഗ ദൗത്യം.

**“നിങ്ങളുടെ സത്യദൈവമായ അല്ലാഹു ഏകനാണ്. അവനെ മാത്രം ആരാധിക്കുക”**

യഥാർത്ഥത്തിൽ, ഈ ദൈവ ദൂതന്മാരെല്ലാവരും ഒരേ സന്ദേശമാണ് ഉദ്ഘോഷിച്ചത്. അതിനാൽ, അവരുടെ മതവും നിശ്ചയമായും ഒന്നായിരിക്കണം. അല്ലാഹുവിന് മുമ്പിൽ സർവ്വതും സമർപ്പിക്കുക എന്നതാണവരുടെ സന്ദേശത്തിന്റെ അന്തഃസത്ത. **ഇസ്‌ലാം** എന്ന അറബി വാക്കിന്റെ അർത്ഥം തന്നെ **സമ്പൂർണ സമർപ്പണം** എന്നാണല്ലോ.

ആദം ഉൾപ്പെടെയുള്ള എല്ലാ ദൂതന്മാരുടെയും യഥാർത്ഥ മതം ഇസ്‌ലാം അഥവാ ദൈവത്തിനുള്ള സമർപ്പണമാണെന്ന് ഖുർആൻ ഉറപ്പിച്ച് പറയുന്നു. യേശു ക്രിസ്തു തന്റെ അനുയായികളോട് ദൈവഹിതം പ്രവർത്തിക്കാനും ദൈവ കല്പനകൾ അനുസരിക്കാനും പഠിപ്പിക്കുന്നത് ബൈബിളിലുടനീളം കാണാം. അത് പോലെ, ദൈവത്തിനായി സമർപ്പിക്കുക എന്ന ഇസ്‌ലാമികാശയം ഈ വചനത്തിൽ ബൈബിൾ പരാമർശിക്കുന്നുമുണ്ട്. **“അതിനാൽ നിങ്ങൾ ദൈവത്തിനായി സ്വയം സമർപ്പിതരാകുവീൻ”.** (യാക്കോബ്– 4:7)

ദൈവഹിതം സ്വഹിതമാക്കിയവനാണ് യഥാർത്ഥ മുസ്‌ലിം. അതിനാൽ, ആദം, നൂഹ്, ഇബ്രാഹിം, മൂസ, ഈസ, മുഹമ്മദ് എന്നിവരടങ്ങുന്ന ദൈവദൂതന്മാരുടെ യഥാർത്ഥ അനുയായികളാണ് **മുസ്‌ലിംകൾ**.



# ബൈബിൾ പഴയ നിയമത്തിലെ ഏക സത്യദൈവം

- **ഇസ്രായേലേ, കേൾക്കുക; നമ്മുടെ ദൈവമായ യഹോവ ഏകനാകുന്നു.** (ആവർത്തനം– 6:4)

- **ഞാനല്ലാതെ വേറൊരു ദൈവവുമില്ല; ഞാൻ തന്നെ ദൈവം, എന്നെപ്പോലെ ഒരാളുമില്ല.** (യെശയ്യാ– 46:9)


- **കർത്താവായ ദൈവമേ, നീ എത്ര വലിയവൻ! ഞങ്ങൾ സ്വന്തം ചെവികൊണ്ടു കേട്ടതനുസരിച്ച്, നിന്നെപ്പോലെ ഒരാളുമില്ല; നീ അല്ലാതെ ഒരു ദൈവവും ഇല്ല.** (ശമൂവേൽ– 2. 7:22)

- **ഞാൻ ആണ് ദൈവം എന്ന് നിങ്ങൾ അറിഞ്ഞു വിശ്വസിക്കുകയും ഗ്രഹിക്കുകയും ചെയ്യും. എനിക്കു മുമ്പെ ഒരു ദൈവവും ഉണ്ടായിട്ടില്ല, എന്റെ ശേഷം ഉണ്ടാവുകയുമില്ല. ഞാൻ തന്നെയാണ് ദൈവം; ഞാനല്ലാതെ ഒരു രക്ഷിതാവുമില്ല.** (യെശയ്യാ– 43: 10–11)

- **ദൈവമേ, ഞങ്ങൾ സ്വന്തം ചെവികൊണ്ടു കേട്ടതനുസരിച്ച്, നിന്നെപ്പോലെ ഒരാളുമില്ല; നീ അല്ലാതെ ഒരു ദൈവവുമില്ല.** (ദിനവൃത്താന്തം–1. 17:20)

- **ഞാൻ ആദ്യനും അന്ത്യനും ആകുന്നു; ഞാനല്ലാതെ ഒരു ദൈവവുമില്ല.** (യെശയ്യാ– 44:6)

- **ഞാൻ അല്ലാതെ വേറൊരു ദൈവവും ഇല്ല. സർവ്വ ലോക ജനങ്ങളേ, എന്നിലേക്ക് തിരിഞ്ഞു രക്ഷപ്പെടുവിൻ; ഞാനാണ് ഏകനായ ദൈവം. എന്റെ വാഗ്ദാനം സത്യവും മാറ്റമില്ലാത്തതുമാണ്. എല്ലാവരും എന്റെ മുമ്പിൽ വന്ന് മുട്ടുകുത്തുമെന്ന് ഞാൻ സർവാത്മനാ വാഗ്ദാനം ചെയ്യുന്നു.** (യെശയ്യാ– 45: 21–23)



# ബൈബിൾ പഴയ നിയമത്തിലെ ഏക സത്യദൈവം

- **അനന്തരം ഒരാൾ വന്ന് അവനോടു ചോദിച്ചു: നല്ലവനായ ഗുരോ, അനശ്വര ജീവിതം കൈവരിക്കാൻ ഞാൻ എന്തു നന്മ ചെയ്യണം? അവൻ പറഞ്ഞു : "എന്നെ നല്ലവനെന്ന് വിളിക്കുന്നതെന്തിന്? നല്ലവൻ ഒരാളെ ഉള്ളൂ, അത് ദൈവമാണ്".** (മത്തായി– 19: 16–17)
- **ഏകസത്യ ദൈവമായ നിന്നെയും നീ അയച്ചിരിക്കുന്ന യേശുക്രിസ്തുവിനെയും അറിയലാണ് അനശ്വര ജീവിതത്തിന്റെ അർത്ഥം.** (യോഹന്നാൻ– 17: 3)
- **നിന്റെ ദൈവമായ കർത്താവിനെ ആരാധിക്കുക, അവനെ മാത്രം സേവിക്കുക.** (മത്തായി– 4:10)
- **യേശു അവനോട് മറുപടി പറഞ്ഞു: പ്രഥമമായ കല്പന: "ഇസ്രായേലേ, കേൾക്കുക; നമ്മുടെ ദൈവമായ കർത്താവ് ഏകനാകുന്നു. നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും കൂടെ നീ സ്നേഹിക്കണം", എന്നാകുന്നു. രണ്ടാമത്തേത്, "നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കണം" എന്നത്രേ; ഇവയേക്കാൾ വലിയ മറ്റൊരു കല്പനയുമില്ല.** (മാർക്കോസ് – 12. 29:31)
- **കൈപ്പടക്കാരൻ അവനോടു പറഞ്ഞു: ഗുരോ, നീ പറഞ്ഞതു സത്യം തന്നെ; ദൈവം ഒന്നേയുള്ളൂ; അവനല്ലാതെ മറ്റാരുമില്ല.** (മാർക്കോസ് – 12: 32)
- **ദൈവം ഒരുവനാണ്. ദൈവത്തിനും മനുഷ്യർക്കുമിടയിലെ മദ്ധ്യസ്ഥനും ഒരുവൻ തന്നെ, യേശു ക്രിസ്തു എന്ന മനുഷ്യൻ.** (തിമൊഥെയൊസ്– 1 2:5)
- **യേശു ഉത്തരം പറഞ്ഞു: "എന്റെ ഉപദേശം എന്റേതല്ല, എന്നെ അയച്ചവന്റേതത്രേ.** (യോഹന്നാൻ– 7:16)



- നിങ്ങളുടെ ഇലാഹ് [ആരാധ്യൻ] ഏക ഇലാഹാകുന്നു. അവനല്ലാതെ ഇലാഹേയില്ല; കാരുണ്യവാനും കരുണാനിധിയുമായുള്ളവനത്രെ (അവൻ). (2: 163)
- (നബിയേ), പറയുക: അത് [കാര്യം]: അല്ലാഹു ഏകനാകുന്നു. അല്ലാഹു സർവ്വാശ്രയനായ യജമാനനത്രെ. അവൻ(സന്താനം) ജനിപ്പിച്ചിട്ടില്ല; അവൻ (സന്താനമായി) ജനിച്ചുണ്ടായിട്ടുമില്ല. അവനു തുല്യനായിട്ട് യാതൊരുവനും ഇല്ലതാനും. (112: 1–4)
- ഞാനല്ലാതെ ആരാധ്യനേയില്ല, അതുകൊണ്ട് എന്നെ (മാത്രം) ആരാധിക്കുവിൻ. (21: 25)
- നിശ്ചയമായും നിങ്ങളുടെ ഇലാഹു [ആരാധ്യൻ] ഒരുവൻതന്നെ. (37: 4)
- അല്ലാഹുവിന്റെ കൂടെ വല്ല ഇലാഹും ഉണ്ടോ?! (ഓർത്തുനോക്കൂ!) അവർ പങ്കുചേർക്കുന്നതിൽ നിന്ന് (എല്ലാം തന്നെ) അല്ലാഹു അത്യുന്നതനാകുന്നു! (27: 63)
- (അങ്ങിനെയുള്ള) ആ അവനത്രെ നിങ്ങളുടെ റബ്ബായ അല്ലാഹു. അവനല്ലാതെ ആരാധ്യനേ ഇല്ല. എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവാകുന്നു (അവൻ). ആകയാൽ നിങ്ങൾ അവനെ ആരാധിക്കുവിൻ. അവൻ എല്ലാ വസ്തുക്കളുടെയും മേൽ (കൈകാര്യം) ഏറ്റെടുത്തവനുമാകുന്നു. (6: 102)
- ഒരേ ഇലാഹിനെ [ആരാധ്യനെ] ആരാധിക്കുവാനല്ലാതെ അവരോട് കൽപിക്കപ്പെട്ടിട്ടില്ലതാനും. അവനല്ലാതെ ഒരു ആരാധ്യനേ ഇല്ല. അവർ പങ്കുചേർക്കുന്നതിൽ നിന്നും അവൻ എത്രയോ പരിശുദ്ധാൻ!. (9: 31)



മസ്ജിദുന്നബവി, മദീന, സൗദി അറേബ്യ

# ഉപസംഹാരം

ഒരേയൊരു സന്ദേശം പ്രചരിപ്പിക്കാനാണ് സ്രഷ്ടാവായ, ഏകദൈവമായ അല്ലാഹു, ആദം, നൂഹ്, ഇബ്രാഹിം, മൂസ, ഈസ, മുഹമ്മദ് ഉൾപ്പെടെയുള്ള എല്ലാ ദൂതന്മാരെയും നിയോഗിച്ചത്.

**സത്യദൈവമായ അല്ലാഹു ഏകനാണ്. അവനെ മാത്രം ആരാധിക്കുക.** ഈ ദൈവ ദൂതന്മാരെല്ലാവരും ഒരേ സന്ദേശമാണ് ഉദ്ഘോഷിച്ചതെന്നതിനാൽ അവരുടെ മതവും നിശ്ചയമായും ഒന്നായിരിക്കണം. അങ്ങനെയെങ്കിൽ, അവരുടെ മതം ഏതായിരിക്കും? ദൈവഹിതത്തിനായി സർവതും സമർപ്പിക്കുക എന്നതാണ് അവരുടെ സന്ദേശത്തിന്റെ അന്തഃസത്ത. **ഇസ്‌ലാം** എന്ന അറബി വാക്കിന്റെ അർത്ഥം തന്നെ **സമ്പൂർണ സമർപ്പണം** എന്നാണല്ലോ.

ആദമിന്റെയും ഹവ്വയുടെയും ലോകാവസാനം വരെയുള്ള അവരുടെ പിന്മുറക്കാരുടെയും യഥാർത്ഥ മതം ഇസ്‌ലാമാണെന്ന് ഖുർആൻ ഉറപ്പിച്ച് പറയുന്നു.

ആത്യന്തികമായി, മോക്ഷം നേടുന്നതിന്, മുകളിൽ സൂചിപ്പിച്ച സന്ദേശം നാം പൂർണ മനസ്സോടെയും സംതൃപ്തിയോടെയും സ്വീകരിക്കുകയും വിശ്വസിക്കുകയും വേണം. എന്നാൽ, അത് കൊണ്ട് മാത്രമായില്ല! മുഹമ്മദ് നബി ഉൾപ്പെടെയുള്ള എല്ലാ ദൈവദൂതന്മാരിലും നാം ഉറച്ചുവിശ്വസിക്കുകയും അവരുടെ യഥാർത്ഥ മതവും മാർഗദർശനവും അധ്യാപനങ്ങളും പിന്തുടരുകയും കൂടി വേണം.

**ഇതാണ് സന്തോഷകരമായ അനശ്വര ജീവിതത്തിലേക്കുള്ള കവാടം**



മസ്ജിദുൽ അഖ്സ

# പ്രധാന ഇസ്‌ലാമിക സംജ്ഞകളുടെ നിർവചനങ്ങൾ

സ്രഷ്ടാവായ ഏക സത്യദൈവത്തിന്റെ അറബിയിലുള്ള നാമമാണ് **അല്ലാഹ്**. സകല മനുഷ്യരുടെയും യഥാർത്ഥ ദൈവമാണ് അല്ലാഹ് എന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു.

ഏകസത്യ ദൈവമായ സ്രഷ്ടാവായ അല്ലാഹ്, മനുഷ്യ കുലത്തിലേക്കൊന്നടങ്കം അയച്ച അന്ത്യദൂതനാണ് **മുഹമ്മദ്.** അല്ലാഹുവിനെ മാത്രം ആരാധിക്കാൻ എല്ലാ ജനങ്ങളോടും മുഹമ്മദ് കൽപിക്കുന്നു.

ഏക സത്യദൈവമായ അല്ലാഹുവിനായുള്ള സമർപ്പണമാണ് **ഇസ്‌ലാം.**

ഏകസത്യ ദൈവമായ അല്ലാഹുവിന് സ്വയം സമർപ്പിക്കുന്നവനാണ് **മുസ്‌ലിം.**

**വിശുദ്ധ ഖുർആൻ,** മുഹമ്മദ് നബിക്ക് അവതരിച്ച അന്തിമ വേദഗ്രന്ഥമാണ്.

**മസ്ജിദ്** എന്നാൽ മുസ്‌ലിംകൾ മുഖ്യമായും പ്രാർത്ഥനക്കും ആരാധനകൾക്കുമായി ഉപയോഗിക്കുന്ന ശുദ്ധിയും വൃത്തിയുമുള്ള സ്ഥലമാണ്.


അല്ലാഹ് അറബിയിൽ


മുഹമ്മദ് അറബിയിൽ


വിശുദ്ധ ഖുർആൻ


അല്ലാഹുവിനോട് പ്രാർത്ഥിക്കുന്ന മുസ്‌ലിം

## ഇനിയുമറിയാൻ ആകാംക്ഷയുണ്ടോ?

ഇസ്‌ലാമിനെക്കുറിച്ച് കൂടുതൽ വിവരങ്ങളും വിശദാംശങ്ങളും അറിയാൻ നിങ്ങൾക്ക് ആകാംക്ഷയും താൽപര്യവുമുണ്ടെങ്കിൽ, ദയവായി ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കുക:

**www.discoveritsbeauty.com**

### "അതിന്റെ സൗന്ദര്യം കണ്ടെത്തൂ" സീരീസ്:

1. ഇതൊരു തുടക്കം മാത്രം
2. ആദമിന്റെയും ഹവ്വയുടെയും മതം
3. ഇസ്‌ലാമിന്റെ അടിസ്ഥാന തത്വങ്ങൾ
4. മനുഷ്യരാശിയെ കുഴക്കിയ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ
5. അല്ലാഹുവിന്റെ മനോഹര നാമങ്ങൾ
6. അന്തിമ വെളിപാട്
7. അന്ത്യ ദൂതൻ

### ഉപകാരപ്രദമായ ഇസ്‌ലാമിക വെബ്സൈറ്റുകൾ:

http://www.allahsquran.com

http://www.quranexplorer.com

http://www.islamhouse.com

http://www.edialogue.org

http://www.islamreligion.com

http://www.newmuslimguide.com

http://www.guidetoislam.com/en/

# സത്യസാക്ഷ്യവചനം
## (ഇസ്‌ലാമിലേക്കുള്ള കവാടം)

“അല്ലാഹു അല്ലാതെ ഒരു ദൈവവുമില്ലെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു, മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാണെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.” അറബിയിൽ അത് ഇങ്ങനെ വായിക്കാം:

أشهد أن لا إله إلا الله وأشهد أن محمدا رسول الله

അതിന്റെ ഉച്ചാരണം ഇങ്ങനെയാണ്:

**അശ്ഹദു അല്ലാഇലാഹ ഇല്ലല്ലാഹ്**
**വ അശ്ഹദു അന്ന മുഹമ്മദൻ റസൂലുല്ലാഹ്.**

[redacted]

ഇസ്‌ലാം സ്വീകരിക്കാൻ ഒരാൾ ഉച്ചരിക്കേണ്ട വിശ്വാസ സാക്ഷ്യമാണിത്; ഇസ്‌ലാമിക സൗന്ദര്യത്തിന്റെയും ലാളിത്യത്തിന്റെയും സത്യത്തിന്റെയും സംഗ്രഹമാണിത്.






GLOBAL ACADEMY FOR TRANSLATION AND EDUCATION (GATE)
LONDON | THE UNITED KINGDOM
വിവർത്തനം : AL-ANDALUS GROUP LTD
WWW.ALANDALUSGROUP.ORG

كتاب دين آدم وحواء باللغة المالايالامية